# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374 17/10/2011-ൽ മറുപടിയ്ക്ക്

### ജില്ലാ ആശുപത്രികളിലെ ഓങ്കോളജി വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. വി. എസ്. സുനിൽകുമാർ:<br>ശ്രീമതി. ഗീതാ ഗോപി:<br>ശ്രീ. കെ. അജിത്: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജില്ലാ ആശുപത്രികളിൽ ക്യാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സൗകര്യം ലഭ്യമല്ലാത്ത എത്ര ജില്ലാ ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ജില്ലാ ആശുപത്രികളിൽ ഒരിടത്തും ക്യാൻസർ രോഗത്തിനായി പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ക്യാൻസർ രോഗ ബാധിതരായവർക്ക് വേണ്ട മറ്റു തുടർ ചികിത്സകൾ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ആരോഗ്യവകുപ്പിൻ കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിൽ മാത്രമാണ് ക്യാൻസർ ചികിത്സയ്ക്ക് വേണ്ടി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നത്. അവിടെ ക്യാൻസർ ചികിത്സയ്ക്ക് വേണ്ട കീമോ തെറാപ്പി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലാ ആശുപത്രികളിൽ ഓങ്കോളജി വിഭാഗം പ്രവർത്തിക്കുന്നുണ്ട്; ഓരോ ആശുപത്രിയിലും പ്രസ്തുത വിഭാഗത്തിലെ ഡോക്ടർമാരുൾപ്പെടെ ആവശ്യമായ ജീവനക്കാരുടെ എണ്ണം എത്ര വീതമെന്നു വ്യക്തമാക്കാമോ; | (ബി) & (സി) | ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രികളിൽ ഒരിടത്തും ഓങ്കോളജി വിഭാഗം പ്രവർത്തിക്കുന്നില്ല.<br>എറണാകുളം ജനറൽ ആശുപത്രിയിൽ മാത്രമാണ് ആരോഗ്യവകുപ്പിന് കീഴിൽ ഓങ്കോളജി വിഭാഗം പ്രവർത്തിച്ചു വരുന്നത്. എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ഓങ്കോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. |
| (സി) | ഓങ്കോളജി വിഭാഗമുള്ള ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് മതിയായ ജീവനക്കാരില്ലാത്തതെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ